കേരള ഷോപ്പ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ

157 (8217) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരള ഷോപ്സ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം ;

(ബി) എല്ലാ വ്യാപാരസ്ഥാപനങ്ങളും കേരള ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് നിയമമനുസരിച്ചാണോ പ്രവർത്തിക്കുന്നത് ;

(സി) പ്രസ്തുത നിയമം പാലിക്കാതെ വ്യാപാര സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ഡി) വ്യാപാരസ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് നിയമമനുസരിച്ച് ലഭിക്കേണ്ട അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിന് പരിശോധന കർശനമാക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഇ) വ്യാപാര സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് തുണിക്കടകളിൽ തൊഴിലാളികൾക്ക് അധികസമയം ജോലി ചെയ്യേണ്ടിവരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കും സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും പെൻഷൻ നൽകുന്നതിനുംവേണ്ടി 2006-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം 15-3-2007-ൽ പദ്ധതി രൂപീകരിച്ച് അന്നുമുതൽതന്നെ കേരള ഷോപ്സ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നു. ഈ പദ്ധതിയിൽ 30-6-2014-വരെ 1,28,204 സ്ഥാപനങ്ങളിൽ നിന്നായി 6,93,342 പേർ അംഗത്വമെടുത്തിട്ടുണ്ട്. 2013-14 വരെ ആകെ 57,40,76,186 രൂപ അംശദായമായി ബോർഡിന് ലഭിച്ചിട്ടുണ്ട്. 30-6-2014-വരെ 63,66,35,000 രൂപ ബാങ്കുകളിൽ സ്ഥിര നിക്ഷേപമുണ്ട്. 2013-14 വർഷം 1704 പേർക്ക് വിവിധ ആനുകൂല്യങ്ങൾ നൽകിയ

LIBRARY ARCHIVES Kerala Legislative Assembly

വകയിൽ 1,01,95,920 രൂപ ബോർഡ് ചെലവാക്കിയിട്ടുണ്ട്. 2014 മാർച്ച് വരെ ബോർഡിന്റെ ചീഫ് ഓഫീസിൽ ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പു കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1-6-2014 മുതൽ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള ആനുകൂല്യങ്ങൾ ഓൺലൈനായി നൽകിവരുന്നു. ബോർഡിനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും peedika.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

(ബി) അതെ.

(സി) പ്രസ്തുത നിയമം പാലിക്കാത്ത വ്യാപാര സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇക്കാര്യം പരിഗണിച്ചുവരുന്നു.

(ഇ) ഉണ്ട്.

കേരള ഷോപ്പ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമമനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ

158 (8218) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമമനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അനുവദനീയ അവധികളോ മറ്റു ആനുകൂല്യങ്ങളോ നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാരെ പ്രത്യേകിച്ച് വസ്ത്രക്കടകളിൽ സാധനങ്ങൾ വാങ്ങാൻ ആൾക്കാരില്ലാത്തപ്പോഴും ഇരിക്കാൻ അനുവദിക്കാറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അതു സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം ;

(ഡി) അതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു ;

(ഇ) പ്രസ്തുത ജോലിക്കാർക്ക് ഇരിക്കാനുള്ള സൗകര്യം സ്ഥാപനങ്ങൾ ചെയ്തു കൊടുക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly